# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 750

05.06.2018-ൽ മറുപടിക്ക്

## കാർഷിക വായ്പക്ക് പലിശയിളവിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് | | ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാന സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ എടുക്കുന്നവർക്ക് പലിശയിളവ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | എ | ഹ്രസ്വകാല വിളവായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതിനായി 2013 വർഷം മുതൽ ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കി വരുന്നു. 2010–11 സാമ്പത്തിക വർഷം മുതൽ നെൽകർഷകർക്ക് ഇപ്രകാരം പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം 7% പലിശ നിരക്കിലാണ് ഹ്രസ്വകാല വായ്പകൾ (കാർഷിക വായ്പകൾ) നൽകുന്നത്. കൃത്യമായി തിരിച്ചടയ്ക്കുന്ന വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ 3% പലിശ സബ്സിഡിയോടൊപ്പം 4% സംസ്ഥാന സർക്കാരും പലിശ സബ്സിഡി നൽകിവരുന്നു. പലിശ ഇളവ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:-<br><br>I) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമവികസന ബാങ്കുകൾ വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ/കിസാൻ ക്രെഡിറ്റ്/കാർഷിക ആവശ്യത്തിനുള്ള ക്യാഷ് ക്രെഡിറ്റ് എന്നിവയായിരിക്കണം.<br><br>II) സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട നാമമാത്ര കർഷകരായിരിക്കണം.<br><br>III) ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായിരിക്കണം വായ്പ തുക<br><br>IV) മുതൽ തുക കുടിശ്ശികയില്ലാതെ കാലാവധിക്കുള്ളിൽ (തവണ തീയതിയിലോ, അതിനു മുൻപോ) തിരിച്ചടച്ചിരിക്കണം. |

| | | | |
|---|---|---|---|
| | | | V) ഒരു കർഷകന് 3 ലക്ഷം വരെയുള്ള വായ്പകൾക്ക് മാത്രമേ ടി പദ്ധതി പ്രകാരം പലിശ ഇളവിന് അർഹതയുള്ളൂ. ടി പരിധിയിൽ അധികരിച്ചുവരുന്ന വായ്പകൾക്ക് പലിശ ഇളവ് ലഭിക്കുന്നതല്ല. |
| (ബി) | കുടിശ്ശികയായ വായ്പകൾ ഒറ്റത്തവണയായി തിരിച്ചടയ്ക്കുന്ന സഹകാരികൾക്ക് എന്തെല്ലാം ഇളവുകൾ ആണ് ലഭിക്കുകയെന്ന് വിശദമാക്കാമോ? | ബി | സഹകരണ സംഘം രജിസ്ട്രാരുടെ 6/2018, 9/2018 എന്നീ സർക്കുലറുകൾ പ്രകാരം 15.02.2018 മുതൽ 31.03.2018 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംഘടിപ്പിച്ചിരുന്നു. പ്രസ്തുത സർക്കുലർ പ്രകാരം ചുവടെ പറയും പ്രകാരം ഉള്ള ഇളവുകൾ ലഭ്യമാക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിരുന്നത് :-<br><br>I) 5 വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 10,000 രൂപവരെയുള്ള വായ്പകളിൽ സംഘംതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മുതൽ തുക മാത്രം ഈടാക്കി വായ്പാകണക്ക് അവസാനിപ്പിക്കാവുന്നതും, 5 വർഷത്തിന് താഴെ കുടിശ്ശികയായ വായ്പയിൽ സംഘംതല കമ്മിറ്റി യുടെ വിശദമായ പരിശോധനയുടെ അടിസ്ഥാന ത്തിൽ പലിശയിൽ പരമാവധി 50% വരെ ഇളവ്.<br><br>II) ഒരു ലക്ഷം രൂപ വരെ കുടിശ്ശികയായ മരണപ്പെട്ടവരുടെയോ, മാരകരോഗം ബാധിച്ചവ രുടെയോ വായ്പയിന്മേൽ പലിശയുടെ 50% വരെ സംഘംതല സമിതിയ്ക്ക് ഇളവ് നൽകാം.<br><br>III) ഒരു ലക്ഷം രൂപ വരെയുള്ള കുടിശ്ശിക വായ്പയുടെ പലിശ പൂർണ്ണമായോ, മുതലും പലിശയും ചേർത്ത് ബാധ്യത പൂർണ്ണമായോ ഭാഗികമായോ സംഘംതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 50% വരെ ജില്ലാതല കമ്മിറ്റിക്ക് ഇളവ് നൽകാം. ഒരു ലക്ഷത്തിൽ അധികം വരുന്ന ഇളവുകൾ ജില്ലാതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന തല കമ്മിറ്റിയ്ക്ക് ഇളവ് നൽകാം.<br><br>IV. ഒരു ലക്ഷത്തിന് മുകളിലുള്ള വായ്പകളിൽ സംഘംതല കമ്മിറ്റിയുടെ തീരുമാനത്തിന്റെയും, ജില്ലാ ജോയിന്റ് രജിസ്ട്രാറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയ്ക്ക് തീർപ്പാക്കാം.<br><br>V. 2 ലക്ഷം രൂപവരെയുള്ള വായ്പകളിൽ, കുടിശ്ശിക മുതൽ തുകയും, വായ്പ എടുക്കുമ്പോഴുള്ള പലിശ നിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരം പലിശ ഈടാക്കിയും, പലിശ മുതലിനേക്കാൾ |

| | | | |
|---|---|---|---|
| | | | അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പ കണക്ക് അവസാനിപ്പിക്കാം. പലിശ മുതലിൽ അധികരിക്കാത്ത കേസുകളിൽ, പലിശയുടെ 25% വരെ സംസ്ഥാനതല കമ്മിറ്റിയ്ക്കും, 50% വരെ ജില്ലാതല കമ്മിറ്റിയ്ക്കും പലിശയിൽ ഇളവ് അനുവദിക്കാം.<br><br>VI. 2 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കുടിശ്ശിക വായ്പകളിന്മേൽ കുടിശ്ശിക വായ്പാ മുതൽ തുകയും, വായ്പയെടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ, ഇപ്പോൾ ഉള്ള പലിശ നിരക്കോ ഏതാണോ കുറവ് എങ്കിൽ ആയത് പ്രകാരം പലിശ തുക ഈടാക്കിയും പിഴ പലിശ ഒഴിവാക്കിയും, ആർബിട്രേഷൻ/എക്സിക്യൂഷൻ, കോടതി ചെലവുകൾ ഈടാക്കിയും താഴെ പറയും പ്രകാരം പലിശ ഇളവ് അനുവദിച്ച് വായ്പാ കണക്ക് അവസാനിപ്പിക്കാം.<br><br>ഒരു വർഷം മുതൽ 3 വർഷം വരെ - 10%<br>3 വർഷം മുതൽ 5 വർഷം വരെ - 15%<br>5 വർഷം മുതൽ 10 വർഷം വരെ - 20%<br>10 വർഷത്തിന് മുകളിൽ - 25%.<br><br>ടി സർക്കുലർ നിബന്ധനകൾ 15/02/2018 മുതൽ 31/03/2018 വരെ മാത്രമേ പ്രാബല്യത്തിൽ ഉണ്ടായിരുന്നുള്ളൂ. |

**സെക്ഷൻ ഓഫീസർ**